**File no DA1/18/2023-GEDN**

"ഭരണഭാഷ-

മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ്-തൃപ്പൂണിത്തുറ ഗവ സംസ്കൃതം ഹയർ സെക്കന്ററി സ്കൂളിലെ മുൻ പ്രിൻസിപ്പൽ ശ്രീമതി ശിവകല എസ്, മുൻ എച്ച്.എസ്.എസ്.ടി (സംസ്കൃതം) ശ്രീമതി ഷൈലജ.പി.എം, മുൻ എച്ച്.എസ്.എസ്.ടി (പൊളിറ്റിക്കൽ സയൻസ്)ശ്രീ ജോസഫ് വി ജെ- എന്നിവർക്കെതിരായ അച്ചടക്കനടപടി തുടർ നടപടികൾ ഒഴിവാക്കി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.**4237/2025/GEDN** തീയതി,തിരുവനന്തപുരം, **26-06-2025**

---

പരാമർശം:-

1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **09/12/2022, 05/01/2023** തീയതികളിലെ **HSE/3940/2022/Ad D1** നം കത്തുകൾ
2. **08/01/2023** ലെ സ.ഉ(സാധാ) നം **195/2023**/പൊവിവ
3. **21/02/2023** ലെ **GE-DA1/18/2023-G.EDN** നം കുറ്റപത്രവും കുറ്റാരോപണ പത്രികയും
4. കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രികകൾ
5. **19/04/2023** ലെ സ.ഉ(സാധാ) നം **2501/2023**/പൊവിവ
6. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **31/07/2023** ലെ **HSE/3940/2022-AdD1** നമ്പർ കത്ത്
7. **20/11/2023** ലെ സ.ഉ(സാധാ) നം **7285/2023**/പൊവിവ
8. എച്ച്.എസ്.ഇ അക്കാദമിക വിഭാഗം ജോയിന്റ് ഡയറക്ടറുടെ **04/06/2024** ലെ **423820/2024** നം കത്ത് .
9. **18/10/2024**-ലെ **GE-DA1/18/2023-G.EDN** നം കാരണം കാണിക്കൽ നോട്ടീസ്.
10. കാരണം കാണിക്കൽ നോട്ടീസിന് കുറ്റാരോപിതർ നൽകിയ മറുപടി.
11. **CRL MC 7715/2023** ലെ ബഹു ഹൈക്കോടതിയുടെ **16/10/2024** ലെ വിധിന്യായം

12. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **18/12/2024** ലെ **HSE/3940/2022/Ad D1** നം കത്ത്

**<u>ഉത്തരവ്</u>**

എറണാകുളം തൃപ്പൂണിത്തുറ ഗവൺമെന്റ് സംസ്കൃതം ഹയർ സെക്കൻഡറി സ്കൂളിലെ ഹ്യൂമാനിറ്റീസ് ഒന്നാം വർഷ വിദ്യാർത്ഥിനി, സി.കെ. സി. എച്ച്.എസ്.എസ്. പൊന്നുരുന്നിയിൽവെച്ച് നടന്ന തൃപ്പുണിത്തുറ സബ് ജില്ലം കലോത്സവത്തിൽ **16/11/2022**-ന് പങ്കെടുത്തതിനു ശേഷം ടി സ്കൂളിലെ തന്നെ ഹിസ്റ്ററി ഗസ്റ്റ് അധ്യാപകനായ ശ്രീ കിരൺ.എൻ. കരുണിന്റെ ബൈക്കിൽ വീട്ടിലേക്ക് മടങ്ങുന്ന വഴി, പ്രസ്തുത അധ്യാപകൻ വിദ്യാർത്ഥിനിയോട് മോശമായും അപമര്യാദയായും പെരുമാറിയതായി ടി വിദ്യാർത്ഥിനി **17/11/2022**-ന് തൃപ്പൂണിത്തുറ ഗവൺമെൻ്റ് സംസ്കൃതം ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പലിന് പരാതി നൽകിയിരുന്നു. എന്നാൽ സ്കൂൾ പ്രിൻസിപ്പൽ പ്രസ്തുത പരാതിയിൽ ഉടനടി നടപടി സ്വീകരിക്കാതെ **18/11/2022**-ന് ചേർന്ന പി.റ്റി.എ. യോഗത്തിലാണ് പരാതി പോലീസ് സ്റ്റേഷനിൽ നൽകുന്നതിന് സ്റ്റുഡൻ്റ് കൗൺസിലറെ ചുമതലപ്പെടുത്തിയതെന്നും പോലീസിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പോക്സോ നിയമ പ്രകാരം ശ്രീ കിരൺ.എൻ. കരുണിനെ **21/11/2022**-ൽ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തതായും ടി വിഷയവുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ശ്രീമതി ശിവകല എസ്., ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (പൊളിറ്റിക്കൽ സയൻസ്) ശ്രീ. ജോസഫ് വി.ജെ, ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (സംസ്കൃതം) ശ്രീമതി ശൈലജ പി.എം. എന്നിവരെ പോലീസ് സ്റ്റേഷനിൽ പരാതി നൽകാൻ വൈകിയതിൻ്റെ അടിസ്ഥാനത്തിൽ പോക്സോ നിയമപ്രകാരം പോലീസ് അറസ്റ്റ് ചെയ്തിട്ടുള്ളതായും പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം **(1)** പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ആയതിൻ്റെ അടിസ്ഥാനത്തിൽ **1960**- ലെ കെ.സി.എസ് സി.സി.എ റൂൾസ് പ്രകാരം കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിൻ്റെ ഭാഗമായി പരാമർശം **(2)** പ്രകാരം ടിയാളുകളെ സർവീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് പരാമർശം **(3)** പ്രകാരം

ടിയാളുകൾക്ക് കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ നല്കിയിരുന്നു. ആയതിന് പരാമർശം (4) പ്രകാരം ടിയാളുകൾ സമർപ്പിച്ച പ്രതിവാദ പത്രികയിൽ കുറ്റപത്രത്തിലെ ചാർജ്ജുകൾ പൂർണ്ണമായും നിഷേധിക്കുകയുണ്ടായി.

2. കുറ്റാരോപിതർക്കെതിരെ POCSO ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സു നടന്നു വരുന്നതിനാലും കുറ്റാരോപിതർക്കെതിരെ കെ.സി.എസ്സ് (സി.സി&എ) റൂൾ 15 പ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കുറ്റപത്രവും കുറ്റാരോപണ പത്രികയും നല്കിയിട്ടുള്ളതിനാലും കുറ്റാരോപിതരിൽ ഒരാൾ 31/05/2023 നു സേവനത്തിൽ നിന്നും വിരമിക്കുന്നത് കണക്കിലെടുത്തും തൃപ്പൂണിത്തുറ സംസ്കൃതം ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ പ്രിൻസിപ്പൽ ആയിരുന്ന ശ്രീമതി.ശിവകല.എസ്സ്, അധ്യാപകരായ ശ്രീ.ജോസഫ്.വി.ജെ, ശ്രീമതി ശൈലജ പി.എം എന്നിവരെ എറണാകുളം ജില്ലക്ക് പുറത്തു നിയമനം നല്കണമെന്ന വ്യവസ്ഥയോടെ അച്ചടക്ക നടപടിയുടെ തീരുമാനത്തിനു വിധേയമായി പരാമർശം (5) പ്രകാരം സർവീസിൽ പുനഃപ്രവേശിപ്പിക്കുകയുണ്ടായി.

3. 16/11/2012ൽ വിദ്യാർഥിനിയെ കലോത്സവത്തിന് പങ്കെടുപ്പിക്കാൻ ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെട്ടിരുന്ന അധ്യാപിക അവധിയിൽ പ്രവേശിച്ചിട്ടും മറ്റൊരു അധ്യാപികയ്ക്ക് ചാർജ്ജ് നല്കാതെ ഇരുന്നത് പ്രിൻസിപ്പലിന്റെ ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയാണെന്നും ആരോപണവിധേയനായ ദിവസവേതന അധ്യാപകനെ കേസിൽ നിന്നും രക്ഷിക്കുന്നതിനുള്ള ശ്രമം കുറ്റാരോപിതരുടെ ഭാഗത്ത് നിന്നുണ്ടായിട്ടുണ്ടെന്ന വിദ്യാർഥിനിയുടെ മൊഴി പരിഗണിക്കണമെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഹയർസെക്കന്ററി വിഭാഗം) പരാമർശം (6) പ്രകാരം ശുപാർശ ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദപത്രികയിലെ വാദം തൃപ്തികരമല്ലാത്തതിനാൽ ശ്രീമതി ശിവകല എസ്, ശ്രീ ജോസഫ് വി ജെ എന്നിവർക്കെതിരെ 1960-ലെ കെ.സി.എസ്(സി.സി.എ) ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്കനടപടി തുടരുവാനും ശ്രീമതി ശൈലജ പി എം സർവീസിൽ നിന്നും

വിരമിച്ചതിനാൽ കെ എസ് ആർ ഭാഗം III ചട്ടം 3(a) പ്രകാരം തുടരുവാനും മേൽ ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം 1960-ലെ കെ.സി.എസ് (സി.സി.എ) ചട്ടം 17 പ്രകാരം ജോയിന്റ് എൻക്വയറി ആയി നടത്തുന്നതിനും തീരുമാനിച്ച് പരാമർശം (7) പ്രകാരം പൊതു വിദ്യാഭ്യാസ (ഹയർ സെക്കന്ററി അക്കാദമിക് വിഭാഗം) ജോയിന്റ് ഡയറക്ടർ ശ്രീ.സുരേഷ്കുമാർ.ആർ-നെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.

5. ഔപചാരിക അന്വേഷണത്തോട് അതിജീവിതയും രക്ഷിതാക്കളും സഹകരിക്കാൻ തയ്യാറായിട്ടില്ല എന്നും ബഹു കോടതിയുടെ പരിഗണനയിലുള്ള പോക്സോ കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്നും അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. അധ്യാപകരുടെ ഭാഗത്ത് നിന്നും ഈ വിഷയം യഥാസമയം പോലീസിൽ അറിയിക്കാൻ ജാഗ്രതക്കുറവുണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയിരുന്നു. പോക്സോ നിയമപ്രകാരം അടിയന്തര നടപടി സ്വീകരിക്കുന്നതിന് പകരം അതിജീവിതയോടും രക്ഷിതാക്കളോടും പരാതി പിൻവലിപ്പിക്കുവാൻ പ്രേരിപ്പിച്ചുവെന്ന അധ്യാപകരുടെ നടപടി സർക്കാർ അതീവ ഗൗരവമായി കാണുകയും അപ്രകാരം ശ്രീമതി. ശിവകല എസ്, ശ്രീ ജോസഫ് വി ജെ എന്നിവർക്കെതിരെ 1960-ലെ KCS CCA Rule ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തുടരുവാനും ആയതിന്റെ ഭാഗമായി 1960-ലെ KCS CC&A 11(1)( iii) പ്രകാരം രണ്ട് വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലപ്രാബല്യമില്ലാതെ തടയാനും ശ്രീമതി ഷൈലജ പി എം -നെതിരെ കെ.എസ്.ആർ ഭാഗം III ചട്ടം 3(a) പ്രകാരം ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും 500 രൂപ വീതം 3 വർഷത്തേയ്ക്ക് കുറവു ചെയ്യുന്നതിനും താത്ക്കാലിക തീരുമാനമെടുത്ത് പരാമർശം (9) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു.

6. ടി കാരണം കാണിക്കൽ നോട്ടീസിന് ടിയാളുകൾ പരാമർശം (10) പ്രകാരം സമർപ്പിച്ച മറുപടിയിൽ ബഹു ഹൈക്കോടതിയുടെ പരാമർശം (11)-ലെ വിധിന്യായം പ്രകാരം ടിയാളുകൾക്കെതിരെ പോക്സോ ആക്ടിലെ സെക്ഷൻ 19 r/w 21 of Police Act നിലനിൽക്കില്ല എന്ന് നിരീക്ഷിക്കുകയും

ടിയാളുകൾക്കെതിരെ പെരുമ്പാവൂർ സ്പെഷ്യൽ ഫാസ്റ്റ് ട്രാക്ക് കോടതിയിലെ ക്രൈം നം **373/2023** നം കേസ് ക്വാഷ് ചെയ്ത് കൊണ്ടും ഉത്തരവായ സാഹചര്യത്തിൽ ടിയാളുകളെ അച്ചടക്കനടപടിയിൽ നിന്നും ഒഴിവാക്കി തീർപ്പാക്കണമെന്ന് അഭ്യർഥിച്ചിരുന്നു.

**7.** തുടർന്ന് അച്ചടക്കനടപടി തീർപ്പാക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിലെ അണ്ടർ സെക്രട്ടറി **09/01/2025**-ന് ടിയാളുകളെ നേരിൽ കേൾക്കുകയുണ്ടായി. ശ്രീമതി. ശിവകല എസ്, ശ്രീമതി ശൈലജ എന്നിവർക്ക് വേണ്ടി അഡ്വക്കേറ്റും ശ്രീ.ജോസഫ്.വി.ജെ-യും, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധിയും ഹാജരായിരുന്നു.

**8.** <u>ശ്രീമതി. ശിവകല എസ്-ന്റെ വാദം</u>

a. മനഃപൂർവ്വമായ ഒരു കാലതാമസവും ഈ വിഷയത്തിൽ തന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഈ വിഷയത്തിൽ നിരപരാധിയായ താൻ അമ്പലമേട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത **Crime No. 729/ 2022** നു എതിരെ ബഹു.കേരളാ ഹൈക്കോടതിയിൽ **Code of Criminal Procedure under section 482 Criminal Miscellaneous Case (Case No. 7715/2023)** ഫയൽ ചെയ്തു. പ്രസ്തുത കേസിന്മേലുള്ള ബഹു.കേരളാ ഹൈക്കോടതി **16/10/2024** ലെ ഉത്തരവ് പ്രകാരം **Crime No. 729/ 2022** ലെ അന്തിമ റിപ്പോർട്ട് ക്വാഷ് ചെയ്തിട്ടുണ്ട്. കുറ്റം റിപ്പോർട്ടു ചെയ്യുന്നതിൽ മനഃപൂർവ്വമായ അനാസ്ഥ സംഭവിച്ചിട്ടില്ല എന്ന് ബഹു.ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ട്.

b. **27** വർഷത്തെ സർവീസ്സിനിടയിൽ തന്റെ ഭാഗത്തു നിന്നും മനഃപൂർവ്വമായ ഒരു വീഴ്ചയും സംഭവിച്ചിട്ടില്ല. ഒരു പരാതി മറച്ചു വെച്ച് കൊണ്ട് ആരെയും സംരക്ഷിക്കാൻ ശ്രമിച്ചിട്ടില്ല. അമ്മയുടെയും മകളുടെയും അഭ്യർത്ഥനകൾ മാനിച്ചു ഇക്കാര്യത്തിൽ പെട്ടെന്ന് തീരുമാനത്തിലെത്താൻ കഴിയാതിരുന്നതാണ് പരാതി പോലീസിൽ നൽകാൻ ഒരു ദിവസം വൈകിച്ചത്. ബഹു. കോടതി അമ്പലമേട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള **Crime No.**

729/2022 (now pending as C.C.No.373/2023 on the files of Fast Track Special Court, Perumbavoor) റദ്ദു ചെയ്തിട്ടുള്ള സാഹചര്യത്തിൽ തനിക്കെതിരെ സർക്കാർ തലത്തിൽ ആരംഭിച്ചിട്ടുള്ള അച്ചടക്ക നടപടി തീർപ്പാക്കണമെന്നു അഭ്യർത്ഥിക്കുന്നു.

c. കൂടാതെ ബഹു. കേരളാ ഹൈക്കോടതി Criminal Miscellaneous Case No. 7715/2023 ൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ വെളിച്ചത്തിൽ Honourable Acquittal ആയി കണക്കാക്കി തുടർ നടപടികൾ അവസാനിപ്പിക്കണമെന്നും അപേക്ഷിക്കുന്നു. തന്റെ പേരിൽ എടുത്ത ക്രിമിനൽ കേസ്സിലെ (Crime No. 729/2022) എല്ലാ നടപടികളും ബഹു. ഹൈക്കോടതി റദ്ദാക്കിയിട്ടുള്ളതാണ്. UNION OF INDIA AND OTHERS VS. METHU MEDA (CIVIL APPEAL NO. 6238 OF 2021, എന്ന കേസ്സിൽ ബഹു. സുപ്രീം കോടതിയുടെ 'willful omission on the part of the petitioners in informing the crime as alleged could not be found to rope the petitioners into this crime with the aid of Section 19 r/w 21 of the Police Act' എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ബഹു. ഹൈക്കോടതി അമ്പലമേട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള Crime No. 729/2022 ( pending as C.C.No.373/2023 on the files of Fast Track Special Court, Perumbavoor) റദ്ദു ചെയ്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ പ്രസ്തുത ക്രിമിനൽ കേസ്സിന്റെ അടിസ്ഥാനത്തിൽ എടുത്ത അച്ചടക്കനടപടി നിലനില്ക്കുന്നതല്ല.

d. താല്ക്കാലിക അദ്ധ്യാപകനായ ശ്രീ. കിരൺ മോശമായി സംസാരിച്ചു എന്നുമാത്രമാണ് കുട്ടി ആദ്യം അറിയിച്ചത്(17/11/2022 -ന് 3 മണിയോടുകൂടി). അമ്മയോട് പറഞ്ഞപ്പോൾ സാരമില്ല എന്നു പറഞ്ഞതായും അറിയിച്ചു. 18/11/2022-ന് കുട്ടിയുടെ അമ്മയെ വിളിച്ചുവരുത്തി സംസാരിച്ചപ്പോൾ അയാളോടൊപ്പം മകളെ അയച്ചത് തങ്ങളുടെ വീഴ്ചയാണെന്നും മകൾക്കൊന്നും സംഭവിച്ചിട്ടില്ലാത്തിനാൽ പരാതിയില്ലെന്നും കേസു കൊടുക്കരുതെന്നും അദ്ധ്യാപകനെ സ്കൂളിൽ നിന്നും ഒഴിവാക്കിയാൽ മതിയെന്നും അപേക്ഷിച്ചു.

e. **18/11/2022**ന് രാവിലെ **8.50** ന് സ്കൂളിലേയ്ക്ക് എത്തിയ കുട്ടിയെ **9.15** ആയിട്ടും ക്ലാസിൽ എത്താതിനാൽ അന്വേഷിച്ചപ്പോൾ ടോയ്‌ലറ്റിൽ പോയി എന്നു മറുപടി നൽകി. എന്നാൽ വീണ്ടും ചോദിച്ചപ്പോൾ കൗൺസിലറുടെ റൂമിൽ ആയിരുന്നെന്നും **17/11/2022**-ന് രാത്രി കൗൺസിലർ അമ്മയെ വിളിച്ച് അവർ പറയുംപോലെ പരാതി എഴുതി **whatsapp**-ൽ നൽകണമെന്നും രാവിലെ പകർപ്പ് നേരിട്ടു നൽകണമെന്നും ആവശ്യപ്പെട്ടുവെന്നും ആയത് നൽകാനായാണ് പോയതെന്നും ഇക്കാര്യം പ്രിൻസിപ്പാളോ അദ്ധ്യാപകരോ അറിയരുതെന്നു പറഞ്ഞതായും അറിയിച്ചു. ടിയാൾ പ്രസ്തുത പരാതി **CWC** -യ്ക്ക് കൈമാറി. ഹയർ സെക്കന്ററി വിഭാഗം കുട്ടികളെ കൗൺസിൽ ചെയ്യേണ്ട ഉത്തരവാദിത്വം സ്കൂൾ സൗഹൃദ കോ-ഓർഡിനേറ്റർക്കാണ്. കൗൺസിലർ ഈ വിഷയത്തിൽ അനാവശ്യ ഇടപെടലാണ് നടത്തിയത്.

f. തനിക്കെതിരെ ആരംഭിച്ചിട്ടുള്ള അച്ചടക്ക നടപടി അവസാനിപ്പിക്കണമെന്നും സർവീസ് കാലയളവും സർവീസ് ആനുകൂല്യങ്ങളും പുനഃസ്ഥാപിച്ചു നൽകണമെന്നും അപേക്ഷിക്കുന്നു.

**9. ശ്രീമതി ഷൈലജ-യുടെ വാദം**

ശ്രീമതി. ശിവകല എസ്-ന്റെ വാദങ്ങൾ തന്നെയാണ് ടിയാളും ഉന്നയിച്ചത്. മനഃപൂർവ്വമായ ഒരു തെറ്റും തന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലായെന്നും **18/11/2022**-ലെ സ്റ്റാഫ് മീറ്റിംഗിൽ പോലും താൻ പങ്കെടുത്തിട്ടില്ലായെന്നും ടിയാൾ അറിയിച്ചു.

**10. ശ്രീ.ജോസഫ്.വി.ജെ-യുടെ വാദം**

a. സീനിയർ ടീച്ചർ ശ്രീമതി. ഷൈലജ പി.എം ഉം , താനും പ്രിൻസിപ്പാളുമായി ചേർന്ന് വിദ്യാർത്ഥിനിയുടെ രക്ഷകർത്താവിനെ പ്രേരിപ്പിച്ചു പരാതി പിൻവലിക്കുവാൻ സമ്മർദ്ദം ചെലുത്തി എന്നത് തികച്ചും സത്യവിരുദ്ധമാണ്. **17/11/2022** വൈകുന്നേരം ഏകദേശം

4:30ന് സ്കൂളിലെ പ്രധാനാധ്യാപികയായ പ്രിൻസിപ്പാൾ, ഒരു വിദ്യാർത്ഥിയിൽ നിന്നും ലൈംഗികാരോപണമെന്നുള്ള ഒരു പരാതി ലഭിച്ചതായി അറിയുകയും പ്രിൻസിപ്പാൾ ഈ വിവരം സ്റ്റാഫ് മീറ്റിംഗിൽ അറിയിക്കുകയും ചെയ്തു. എത്രയും പെട്ടെന്ന് പോലീസിനെയും, ശിശുക്ഷേമ സമിതിയെയും അറിയിക്കണമെന്ന് താൻ പ്രത്യേകം ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇതിന് ശേഷം ദിവസവേതനത്തിൽ ജോലിചെയ്യുന്ന കുറ്റക്കാരനായ ശ്രീ. കിരൺ എൻ കരുണിനെ ജോലിയിൽ നിന്നും പിരിച്ച് വിട്ടു. തൊട്ടടുത്ത ദിവസം **18/11/2022**ൽ, ഈ സംഭവം ഹിൽപാലസ് പോലീസ് സ്റ്റേഷനിലും ശിശു ക്ഷേമ കമ്മിറ്റി ഓഫീസിലും പ്രിൻസിപ്പാൾ റിപ്പോർട്ട് ചെയ്തു. ഇതേ ദിവസം തന്നെ **18/11/2022**ൽ ഹിൽപാലസ് പോലീസ് സബ് ഇൻസ്പെക്ടർ ക്രൈം നമ്പർ **1519/2022** സെക്ഷൻ **354, 354 A(1)(i). 354 A(1)(ii), 354 A(1) (iv)** എന്നീ വകുപ്പുകൾ പ്രകാരം ശ്രീ. കിരൺ എൻ കരുണിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തു, കുറ്റാരോപിതനായ പ്രതിയെ **20/11/2022** ന് അറസ്റ്റ് ചെയ്യുകയുണ്ടായി.

b. **21/11/2022** ൽ പോലീസ് സ്റ്റേഷനിൽ താനും, സീനിയർ ടീച്ചർ ശ്രീമതി. ഷൈലജ പി.എം.ഉം പ്രിൻസിപ്പാളും ചേർന്നു വിശദ വിവരങ്ങൾ നൽകുന്നതിനിടെ തങ്ങളെയും പോക്സോ കേസിൽ, തെറ്റായി ഉൾപ്പെടുത്തി അറസ്റ്റ് ചെയ്യപ്പെട്ടു. പോക്സോ കേസ് കൃത്യമായി അറിയിക്കുന്നതിൽ വീഴ്ച വരുത്തി എന്നാണ് അറിയിച്ചത്. **Crl. M.P No. 746 of 2022** ലെ കണ്ടെത്തലിൽ റിമാന്റ് അപേക്ഷക്ക് ഒരു മതിയായ കാരണവും ഇല്ലായെന്ന് കണ്ട് **Addl.** ജില്ലാ സെക്ഷൻസ് കോടതിയിൽ (എറണാകുളം) **22/11/2022** ന് തങ്ങൾക്ക് മൂന്ന് പേർക്കും അപ്പോൾ തന്നെ ജാമ്യം അനുവദിച്ചു. എന്നാൽ, പോലീസിൽ കൃത്യമായി അറിയിക്കുന്നതിൽ വീഴ്ച വരുത്തി എന്ന കാരണത്താൽ തന്നെയും, ശ്രീമതി പി.എം ഷൈലജയേയും, പ്രിൻസിപ്പാളിനേയും സസ്പെൻഡ് ചെയ്തു.

c. കാരണം കാണിക്കൽ നോട്ടീസിൽ ചേർത്തിരിക്കുന്ന

കുറ്റാരോപണത്തിൽ പ്രിൻസിപ്പളും മുതിർന്ന ടീച്ചർ ശ്രീമതി പി.എം ഷൈലജയും, താനും ഇരയായ വിദ്യാർത്ഥിയെ വിളിച്ചുവരുത്തി കുട്ടിയുടെ മാതാവിനോട് പരാതി പിൻവലിക്കാൻ അവശ്യപ്പെട്ടു എന്നത് തികച്ചും അസത്യമാണ്. അങ്ങനെ ഒരാരോപണം അന്വേഷണ ഉദ്യോഗസ്ഥന്റെ മുമ്പിലോ രക്ഷകർത്താവിന്റെ മുമ്പിലോ വിദ്യാർത്ഥിനി പരാതിപ്പെടുകയോ പ്രസ്താവനയായി എഴുതി നല്കുകയോ ചെയ്തിട്ടില്ല. ഇരയായ വിദ്യാർത്ഥിനിയേയും അവരുടെ രക്ഷകർത്താക്കളെയും പ്രേരണ ചെലുത്തി ഏറ്റവും ഗൗരവകരമായ ഈ കേസ് പിൻവലിക്കാനോ മനഃപൂർവ്വമായി താമസിപ്പിച്ചു അതിന്റെ ഗൗരവം കുറക്കാനോ ശ്രമിച്ചിട്ടില്ല. കുറ്റാരോപണ പത്രത്തിൽ പറയുന്ന അച്ചടക്ക നടപടി ഒരടിസ്ഥാനവുമില്ലാത്തതാണ്.

d. സസ്പെൻഷൻ നടപടികൾ മാനസികമായി തളർത്തി. **SHO** മനഃപൂർവ്വമായി കേസിൽ പെടുത്തിയതാണ്. കടുത്ത മനുഷ്യാവകാശ ലംഘനമാണ് ഈ കേസിൽ ഉണ്ടായിട്ടുള്ളത്. ശിക്ഷണനടപടികൾ ഒഴിവാക്കുകയും ഷോക്കോസ് നോട്ടീസിൽ ഉന്നയിച്ച ആരോപണങ്ങൾ റദ്ദ് ചെയ്ത് നടപടികൾ പൂർത്തിയാക്കിയും തരണം.

**11. <u>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായം</u>**

എറണാകുളം, തൃപ്പൂണിത്തുറ ഗവ. സംസ്കൃത എച്.എസ്.എസ് പോക്സോ കേസ് സംബന്ധിച്ച വിഷയത്തിൽ എറണാകുളം ആർ.ഡി.ഡി യുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം പ്രതിയായ ഗസ്റ്റ് അധ്യാപകനെതിരായി **17/11/2022** ന് ഉച്ചയ്ക്ക് ശേഷം അതിജീവിത പ്രിൻസിപ്പലിന് പരാതി എഴുതി നൽകിയിട്ടും, **18/11/2022** ഉച്ചയ്ക്ക് ശേഷമാണ് സംഭവം പ്രിൻസിപ്പൽ പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത് എന്നും, ആയത് ബന്ധപ്പെട്ട മേലധികാരികൾക്ക് യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ പ്രിൻസിപ്പലായ ശ്രീമതി. ശിവകല എസ് ന്റെ ഭാഗത്ത് നിന്നും ഗുരുതരവീഴ്ച സംഭവിച്ചു എന്നും, പ്രിൻസിപ്പലും, എച്ച്.എസ്.എസ്.റ്റി പൊളിറ്റിക്കൽ സയൻസ് ശ്രീ. ജോസഫ് വി.ജെ, എച്ച്.എസ്.എസ്.റ്റി സംസ്കൃതം ശ്രീമതി ശൈലജ പി.എം എന്നിവരും ചേർന്ന്, സ്കൂൾ കൗൺസിലർ ആയ അധ്യാപികയ്ക്ക് അതിജീവിത

എഴുതി നൽകിയ പരാതി പിൻവലിപ്പിക്കുവാനും, പ്രതിയായ ഗസ്റ്റ് അധ്യാപകനെ ഈ കേസിൽ നിന്നും രക്ഷിക്കുവാനുള്ള ശ്രമം നടത്തിയതായി പോലീസിന് അതിജീവിത മൊഴി നൽകിയിട്ടുള്ളതാണ് എന്നതിനാൽ എറണാകുളം, തൃപ്പൂണിത്തുറ ഗവ. സംസ്കൃത എച്.എസ്.എസ് മുൻ പ്രിൻസിപ്പൽ ശ്രീമതി. ശിവകല എസ്, എച്.എസ്.എസ്.റ്റി പൊളിറ്റിക്കൽ സയൻസ് ശ്രീ. ജോസഫ് വി.ജെ, എച്.എസ്.എസ്.റ്റി സംസ്കൃതം ശ്രീമതി. പി.എം ഷൈലജ(റിട്ട.) എന്നിവർക്ക് മാതൃകാപരമായ കഠിന ശിക്ഷ നൽകുന്നതിനായി ശുപാർശ ചെയ്യുന്നു.

**12.** ഹിയറിംഗ് വേളയിൽ ഉന്നയിച്ച വാദഗതികൾ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ അഭിപ്രായം, ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ, കുറ്റപത്രം/കാരണം കാണിക്കൽ നോട്ടീസ് എന്നിവയ്ക്ക് സമർപ്പിച്ച പ്രതിവാദ പത്രിക / മറുപടി, അച്ചടക്ക നടപടി സംബന്ധിച്ചു നിലവിലുള്ള ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.

**13.** **16/11/2022**-ലെ സബ് ജില്ലാ കലോൽസവത്തിൽ പങ്കെടുപ്പിക്കുന്നതിന് അതിജീവിതയുടെ രക്ഷിതാക്കൾ തന്നെയാണ് അതിജീവിതയെ ഗസ്റ്റ് അദ്ധ്യാപകനൊപ്പം അയച്ചത്. ആയതിൽ ശ്രീമതി. ശിവകല എസ്, ശ്രീ. ജോസഫ് വി.ജെ, ശ്രീമതി. പി.എം ഷൈലജ എന്നിവരുടെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടില്ല. **17/11/2022**-ന് ഉച്ചയ്ക്കു ശേഷമാണ് സംഭവത്തെക്കുറിച്ച് അതിജീവിതയിൽ നിന്നും അറിഞ്ഞത്. ഉടൻതന്നെ ആയത് രേഖാമൂലം എഴുതിവാങ്ങിയിട്ടുള്ളതാണ്. ആയതിന് സൗഹൃദ കോ-ഓർഡിനേറ്ററിനെയാണ് ചുമതലപ്പെടുത്തിയത്. **17/11/2022**-ന് ഉച്ചയ്ക്കു **3** മണിക്കു ശേഷമാണ് അതിജീവിതയിൽ നിന്നും പരാതി ലഭിച്ചത്. അന്നു തന്നെ ആരോപണ വിധേയനായ അദ്ധ്യാപകനെ ജോലിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. തൊട്ടടുത്ത ദിവസം തന്നെ അതിജീവിതയുടെ രക്ഷകർത്താക്കളിൽ നിന്നും പരാതിയുടെ ആധികാരികത ഉറപ്പു വരുത്തി പോലീസ് സ്റ്റേഷനിൽ പരാതി നൽകുന്നതിന് സ്കൂൾ കൗൺസിലറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. **24**

മണിക്കൂറിനുള്ളിൽതന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്.

**14.** ഈ വിഷയത്തിൽ സ്റ്റേഷൻ ഹൗസ് ഓഫീസർ അനാവശ്യ ഇടപെടൽ നടത്തിയാണ് ശ്രീമതി. ശിവകല എസ്, ശ്രീ. ജോസഫ് വി.ജെ, ശ്രീമതി. പി.എം ഷൈലജ എന്നിവരെ സ്റ്റേഷനിൽ വിളിച്ചുവരുത്തി അറസ്റ്റു ചെയ്തത് എന്നു കാണുന്നു. പ്രതിയെ പിടികൂടിയതിനു ശേഷമാണ് പ്രസ്തുത അറസ്റ്റ് നടത്തിയത് എന്നതിൽ നിന്നും ആയത് വ്യക്തമാണ്. പ്രസ്തുത അറസ്റ്റിനെ തുടർന്നാണ് ടിയാളുകളെ സസ്പെന്റ് ചെയ്തതും അച്ചടക്ക നടപടി ആരംഭിച്ചതും.

**15.** ടിയാളുകൾ ഫയൽ ചെയ്ത ക്രിമിനൽ (എം.സി)നം. **7715/2023** പെറ്റീഷൻ പരിഗണിച്ച ബഹു: ഹൈക്കോടതി **16/10/2024**-ലെ വിധിന്യായത്തിൽ, ഇപ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്. "**17/11/2022** ന് വിവരം അറിഞ്ഞ ടിയാളുകൾ തൊട്ടടുത്ത ദിവസംതന്നെ പോലീസിൽ അറിയിച്ചതിനാൽ കുറ്റകൃത്യം അറിയിക്കുന്നതിൽ മനഃപൂർവ്വമായി വീഴ്ച വരുത്തി എന്ന് ആരോപിച്ച് ടിയാളുകളെ ക്രൈംകേസിൽ പ്രതിചേർക്കുവാൻ സാധിക്കില്ല ". ആയത് പ്രകാരം എറണാകുളം അമ്പലമേട് പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ **729/2022** , പെരുമ്പാവൂരിലെ ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതിയിലെ **C.C.No.373/2023** എന്നിവയിലെ പ്രതികൾക്കെതിരെ സമർപ്പിച്ച അന്തിമ റിപ്പോർട്ട് റദ്ദാക്കിയിട്ടുള്ളതാണ്.

**16.** മേൽ സാഹചര്യത്തിൽ ശ്രീമതി. ശിവകല എസ്, ശ്രീ. ജോസഫ് വി.ജെ, ശ്രീമതി. പി.എം ഷൈലജ എന്നിവർ മനഃപൂർവ്വമായ കാലതാമസം വരുത്തുകയോ, പ്രതിയെ സഹായിക്കുവാൻ ശ്രമിക്കുകയോ ചെയ്യാത്ത സാഹചര്യത്തിലും, മേൽ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും ശ്രീമതി. ശിവകല എസ്, ശ്രീ. ജോസഫ് വി.ജെ എന്നിവർക്കെതിരെ **1960**-ലെ കെ.സി.എസ്.(സിസിഎ) ചട്ടം **15** പ്രകാരവും ശ്രീമതി. പി.എം ഷൈലജ-യ്ക്കെതിരെ കെ.എസ്.ആർ ഭാഗം **3** ചട്ടം **3(a)** പ്രകാരം തുടരുന്ന അച്ചടക്കനടപടിയിലെ തുടർ നടപടികൾ ഒഴിവാക്കി ഉത്തരവാകുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ ടിയാളുകളുടെ സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്നതിന് പൊതു വിദ്യാഭ്യാസ (ഹയർസെക്കന്ററി വിഭാഗം) ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ANITHA RAJ V**

അണ്ടർ സെക്രട്ടറി

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ , ഹയർസെക്കന്ററി വിഭാഗം, തിരുവനന്തപുരം
2. ശ്രീമതി ശിവകല എസ്, ശ്രീമതി ഷൈലജ പി എം, ശ്രീ ജോസഫ് വി ജെ (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , കേരള, തിരുവനന്തപുരം
4. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി
5. വെബ് (കൈറ്റ്സ്/ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 27-06-2025 09:49:38
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്